**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552** **08-10-2021 - ൽ മറുപടിയ്ക്ക്**

**കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ കടാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ ഇനിയും തുക കൊടുത്തുതീർക്കാനുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ നടത്തുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇപ്രകാരം സഹകരണ സംഘം രജിസ്ട്രാർ പരിശോധന നടത്തി ലഭ്യമാക്കിയ തുകയിന്മേൽ കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 105,03,45,780/- രൂപ അനുവദിയ്ക്കേണ്ടതായിട്ടുണ്ട്. |
| (ബി) | കടക്കെണിയിലായ കർഷകരിൽനിന്നും നിലവിൽ പുതിയ അപേക്ഷകൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 31.03.2020 തീയതിയിൽ അവസാനിച്ചിരുന്നു. കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും മൂലം സിറ്റിംഗ് നിർത്തിവയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ നിലവിൽ കടാശ്വാസ കമ്മീഷനിൽ 86845 അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കടാശ്വാസ കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രളയവും കോവിഡുംമൂലം പ്രതിസന്ധിയിലായ കർഷകർക്ക് കടാശ്വാസം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ |

| | | | |
|---|---|---|---|
| | | | കടാശ്വാസത്തിന് പരിഗണിക്കുന്നു. കൂടാതെ പരമാവധി കടാശ്വാസ തുക ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നിർത്തി വയ്ക്കേണ്ടി വന്ന കടാശ്വാസ കമ്മീഷന്റെ സിറ്റിംഗ് നടപടികൾ ഈ വർഷം ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ അവാർഡുകളിന്മേലുള്ള വെരിഫിക്കേഷൻ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ